## പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നം.3120 18/06/2019 ൽ മറുപടിക്ക്

## രണ്ടാം ഗ്രേഡ് സർവ്വെയർമാരുടെ സ്ഥാനക്കയറ്റ ഒഴിവുകൾ

**ചോദ്യം**

**ശ്രീ.വി.പി.സജീന്ദ്രൻ**

**മറുപടി**

ശ്രീ.ഇ.ചന്ദ്രശേഖരൻ

(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | 2018 ആഗസ്റ്റ് മുതൽ 2019 മാർച്ച് വരെ രണ്ടാം ഗ്രേഡ് സർവ്വെയർമാരുടെ എത്ര സ്ഥാനക്കയറ്റ ഒഴിവുകളാണ് നിലവിൽ വന്നത്; | (എ) | 2018 ആഗസ്റ്റ് മുതൽ 2019 മാർച്ച് വരെ രണ്ടാം ഗ്രേഡ് സർവ്വെയർമാരുടെ 73 സ്ഥാനക്കയറ്റ ഒഴിവുകളാണ് നിലവിൽ വന്നത്. |
| (ബി) | പ്രസ്തുത ഒഴിവുകൾ പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്ന് റിപ്പോർട്ട് ചെയ്യും; | (ബി) | പ്രസ്തുത ഒഴിവുകളിൽ 9 എണ്ണം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിലവിൽ റവന്യൂ വകുപ്പ് മുഖാന്തിരം നടക്കുന്ന റീസർവ്വേ നടപടികളുടെ ഭാഗമായി ജോലിക്രമീകരണവ്യവസ്ഥയിൽ റവന്യൂ വകുപ്പിൽ തുടരുന്ന 635 സർവ്വേയർമാർ അധികമാണെന്ന് ധനകാര്യവകുപ്പ് കണ്ടെത്തുകയും, ടി തസ്തികകൾ സർവ്വേ വകുപ്പിൽ വിരമിക്കൽ, തസ്തിക സൃഷ്ടിക്കൽ തുടങ്ങിയ രീതികളിൽ ഉണ്ടായിത്തീരുന്ന ഒഴിവുകളിൽ അക്കോമഡേറ്റ് ചെയ്യണമെന്ന് നിർദ്ദേശിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ബാക്കി ഒഴിവുകൾ സംബന്ധിച്ച് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുവാൻ കഴിഞ്ഞിട്ടില്ല. ആയത് പരിശോധിച്ച് വരുകയാണ്. ഇക്കാര്യത്തിൽ അന്തിമ തീരുമാനം എടുക്കുന്ന മുറയ്ക്ക് മാത്രമേ പി.എസ്.സി യ്ക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുവാൻ കഴിയുകയുള്ളൂ. |

| | | | |
|---|---|---|---|
| (സി) | 2019 ജനുവരി 1 മുതൽ മേയ് 31 വരെ എത്ര പേരാണ് സർവ്വെയർ തസ്തികയിൽ നിന്നും വിരമിച്ചത് ; ഗ്രേഡ് തിരിച്ച് വ്യക്തമാക്കുമോ ? | (സി) | 2019 ജനുവരി 1 മുതൽ മേയ് 31 വരെ 14 പേരാണ് സർവ്വെയർ തസ്തികയിൽ നിന്നും വിരമിച്ചത്. അതിൽ ഒരാൾ രണ്ടാംതരം സർവ്വേയറും ബാക്കി 13 എണ്ണം ഒന്നാം തരം സർവ്വേയർമാരുമാണ്. |

സെക്ഷൻ ഓഫീസർ